ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:06.04.2024**

## പ്രധാനവാർത്തകൾ

**1. രാജ്യത്ത് ലോക്സഭാ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതം ; പ്രധാനമന്ത്രി ഇന്ന് ഉത്തർപ്രദേശിലും രാജസ്ഥാനിലും പ്രചാരണത്തിനെത്തും ; കോൺഗ്രസ് റാലി രാജസ്ഥാനിൽ.**

**2. സംസ്ഥാനത്ത് ലോക്സഭാ തിരഞ്ഞെടുപ്പിന്റെ നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള അവസാന ദിവസം തിങ്കളാഴ്ച ; അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു.**

**3. കേരളത്തിൽ പ്രചാരണം ഊർജിതമാക്കി മുന്നണികൾ ; മുഖ്യമന്ത്രി പിണറായി വിജയൻ പ്രചാരണത്തിനായി ആലപ്പുഴയിൽ ; ബി ജെ പി ദേശീയ അധ്യക്ഷൻ ജെ പി നദ്ദ ഇന്ന് കോഴിക്കോട്.**

**4. അന്തരീക്ഷ താപനില വർദ്ധിക്കുമ്പോൾ ചിക്കൻപോക്സിനെതിരെ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യവകുപ്പ്.**

**5. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ്, ബാംഗ്ലൂർ റോയൽ ചലഞ്ചേഴ്സ് പോരാട്ടം ; ഐ എസ് എൽ ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സ് - നോർത്ത് ഈസ്റ്റ് യുണൈറ്റഡുമായി ഏറ്റുമുട്ടും.**

***************************

PNUTVPM

ഹെഡ് ലൈൻ - 1

**ലോക്സഭ തിരഞ്ഞെടുപ്പ്**

രാജ്യം ലോക്സഭാ തിരഞ്ഞെടുപ്പ് ചൂടിൽ. വിവിധ രാഷ്ട്രീയ പാർട്ടികൾ പ്രചാരണം ഊർജിതമാക്കി. ദേശീയ നേതാക്കൾ ഉൾപ്പെടെയുള്ളവർ പ്രചരണ രംഗത്ത് സജീവമാണ്. എൻ ഡി എ യ്ക്കുവേണ്ടി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് വിവിധ സംസ്ഥാനങ്ങളിൽ പ്രചാരണത്തിനെത്തും. രാവിലെ ഉത്തർപ്രദേശിലെ സഹാറൻപൂരിലും ഉച്ചയ്ക്ക് രാജസ്ഥാനിലെ അജ്മീറിലെ തെരെഞ്ഞെടുപ്പ് റാലിയിലും പ്രധാനമന്ത്രി പങ്കെടുക്കും. വൈകിട്ട് ഗാസിയാബാദിൽ റോഡ് ഷോയിലും ശ്രീ.മോദി പങ്കെടുക്കും. കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, മുതിർന്ന നേതാക്കളായ സോണിയാ ഗാന്ധി, രാഹുൽ ഗാന്ധി എന്നിവർ രാജസ്ഥാനിൽ നടക്കുന്ന കോൺഗ്രസ് പൊതുയോഗത്തെ അഭിസംബോധന ചെയ്യും. ഈ മാസം 19 നാണ് രാജ്യത്ത് ആദ്യഘട്ട ലോക്സഭാ വോട്ടെടുപ്പ്.

RNU TVPM

********************************

ഹെഡ് ലൈൻ -2

**കേരളം തിരഞ്ഞെടുപ്പ്**

രണ്ടാംഘട്ടത്തിൽ ലോക്സഭാ തിരഞ്ഞെടുപ്പ് നടക്കുന്ന സംസ്ഥാനത്തെ നാമനിർദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്നലെ പൂർത്തിയായി. നിലവിൽ 204 സ്ഥാനാർത്ഥികളാണ് സംസ്ഥാനത്ത് മത്സര രംഗത്തുള്ളത്. നാമനിർദേശ പത്രിക പിൻവലിക്കാനുള്ള അവസാന ദിവസം തിങ്കളാഴ്ചയാണ്. ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള സംസ്ഥാനത്തെ അന്തിമ വോട്ടർപട്ടിക ഇന്നലെ പ്രസിദ്ധീകരിച്ചു. **രണ്ട് കോടി 77 ലക്ഷത്തി 49,159** വോട്ടർമാരാണ് അന്തിമ വോട്ടർ പട്ടികയിൽ ഇടം നേടിയത്. പട്ടികയിൽ **അഞ്ച് ലക്ഷത്തി 34,394** പേർ

കന്നിവോട്ടർമാരാണ്. സ്ത്രീ വോട്ടർമാരാണ് സംസ്ഥാനത്ത് കൂടുതൽ. സ്ത്രീ - പുരുഷ അനുപാതം 1000 : 1068 ആണ്. മലപ്പുറമാണ് ഏറ്റവും കൂടുതൽ വോട്ടർമാരുള്ള ജില്ല. കുറവ് വോട്ടർമാരുള്ള ജില്ല വയനാട്. കൂടുതൽ ട്രാൻസ്ജൻഡർമാരുള്ള ജില്ല തിരുവനന്തപുരവുമാണ്. സംസ്ഥാനത്ത് ആകെയുള്ള 20 ലോക്സഭാ സീറ്റുകളിലേക്ക് ഈ മാസം 26 നാണ് വോട്ടെടുപ്പ്.

**************************

<u>ഹെഡ് ലൈൻ - 3</u>

<u>തിരഞ്ഞെടുപ്പ് പ്രചാരണം-സംസ്ഥാനം</u>

സംസ്ഥാനത്ത് ലോക്സഭാ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതമായി തുടരുന്നു. എൽ ഡി എഫിനായി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്നും നാളെയും ആലപ്പുഴയിൽ പ്രചാരണത്തിൽ പങ്കെടുക്കും. അതിനിടെ, കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷായുടെ കേരളസന്ദർശനം മാറ്റിവച്ചു. എൻ ഡി എ പ്രചാരണത്തിനായി ബി ജെ പി ദേശീയ അധ്യക്ഷൻ ജെ പി നദ്ദ ഇന്ന് കോഴിക്കോട്ടെത്തും. എൻ ഡി എ യുടെ റോഡ് ഷോയിൽ അദ്ദേഹം പങ്കെടുക്കും. കോൺഗ്രസ് നേതാക്കളും പ്രചാരണത്തിൽ സജീവമാണ്.

RNU TVPM

**************************

<u>മണ്ഡലങ്ങളിലൂടെ തൃശ്ശൂർ .... ഇൻട്രോ</u>

ത്രികോണ മത്സരം നടക്കുന്ന തൃശൂർ ലോക്സഭാ മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടികൾ പുരോഗമിക്കുന്നു.

**വിശദാംശങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാപ്രതിനിധി ഭരിതാ പ്രതാപ് ......**

(വോയ്സ്)

*************************

<u>തിരുവനന്തപുരം - ഇലക്ഷൻ</u>

ശക്തമായ മത്സരം നടക്കുന്ന തിരുവനന്തപുരം, ആറ്റിങ്ങൽ മണ്ഡലങ്ങളിൽ പ്രചാരണം ഊർജിതമായി തുടരുകയാണ്. ആറ്റിങ്ങലിലെ യു ഡി എഫ് സ്ഥാനാർത്ഥി അടൂർ പ്രകാശ് കാട്ടാക്കട നിയോജക മണ്ഡലത്തിലാണ് ഇന്ന് പര്യടനം നടത്തുന്നത്. എൽ ഡി എഫ് സ്ഥാനാർത്ത്തി വി ജോയ് കല്ലമ്പലത്ത് പ്രചാരണത്തിനെത്തി. എൻ ഡി എ സ്ഥാനാർത്ഥി വി.മുരളീധരൻ വർക്കല നിയോജക മണ്ഡലത്തിൽ പര്യടനം നടത്തുകയാണ്. തിരുവനന്തപുരം ലോക്സഭാ മണ്ഡലത്തിലെ എൻ ഡി എ സ്ഥാനാർത്ഥി രാജീവ് ചന്ദ്രശേഖർ പാറശ്ശാല നിയോജക മണ്ഡലത്തിലാണ് ഇന്ന് പര്യടനം നടത്തുന്നത്. യു ഡി എഫ് സ്ഥാനാർത്ഥി ശശിതരൂർ നെയ്യാറ്റിൻകരയിലാണ് പര്യടനം നടത്തുന്നത്. എൽ ഡി എഫ് സ്ഥാനാർത്ഥി പന്ന്യൻ രവീന്ദ്രൻ വട്ടിയൂർകാവിൽ പര്യടനം തുടരുകയാണ്.

RNU TVPM

*************************

<u>ലക്ഷദ്വീപ് തിരഞ്ഞെടുപ്പ്</u>

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന, രാജ്യത്തെ ഏറ്റവും ചെറിയ ലോക്സഭാ മണ്ഡലമായ ലക്ഷദ്വീപിൽ പ്രചാരണം ഊർജിതം. നാല് സ്ഥാനാത്ഥികളാണ് ഇവിടെ മത്സര രംഗത്തുള്ളത്. സിറ്റിംഗ് എം പി മുഹമ്മദ് ഫൈസൽ, കോൺഗ്രസിന്റെ ഹംദുള്ളാ സെയ്ദ്, ബി ജെ പി പിന്തുണയുള്ള TP യുസഫ്, സ്വതന്ത്രനായ K.കോയ എന്നിവരാണ് ജനവിധി തേടുന്നത്. പത്ത് ദ്വീപുകളിലായി 55 ബുത്തുകളിലേക്കുള്ള തെരെഞ്ഞെടുപ്പ് ഒരുക്കങ്ങൾ

പുരോഗമിക്കുകയാണ്. ആകെ **57,784** വോട്ടർമാരാണ് ലക്ഷദ്വീപിലുള്ളത്. വേനൽ ചൂടിന്റെ റംസാൻ വ്രതശുദ്ധിയുടെയും നാളുകൾക്കിടയിലാണ് ലക്ഷദ്വീപിൽ പ്രചാരണ പരിപാടികൾ നടക്കുന്നത്.

***************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ **"നല്ല വാർത്ത"**എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

RNU TVPM

***************************

## കെ എസ് ആർ ടി സി - ബജറ്റ് ടൂറിസം

കെഎസ്ആർടിസി ബജറ്റ് ടൂറിസം ഒരുക്കുന്ന അവധിക്കാല ട്രിപ്പുകൾക്ക് ഇന്ന് തുടക്കമാകും. സംസ്ഥാനത്തെ വിവിധ ജില്ലകളിലെ വിനോദ സഞ്ചാര കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിന് പുറമേ ബോട്ടിങ്ങും കപ്പൽ യാത്രയും താമസവും ഉൾപ്പെടെയാണ് പാക്കേജ്. ദൂരവും സമയവും കണക്കാക്കി ട്രിപ്പുകൾക്ക് **450** രൂപ മുതൽ **1,830** രൂപ വരെയാണ് ചാർജ്ജ്.

***************************

ഹെഡ് ലൈൻ - 4

## ചിക്കൻപോക്സ്

ചിക്കൻപോക്സ് രോഗലക്ഷണങ്ങൾ കണ്ടാൽ യഥാസമയം ചികിത്സ തേടണമെന്ന് ആരോഗ്യവകുപ്പിന്റെ മുന്നറിയിപ്പ്. ചിക്കൻപോക്സ് കുമിളകളിലെ സ്രവങ്ങളിൽ നിന്നും,

അണുബാധയുള്ളവർ ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും മറ്റും തെറിക്കുന്ന കണങ്ങളിലൂടെയും രോഗം പകരാം. രോഗലക്ഷണങ്ങൾ പ്രകടമാകുന്നതിന് 10 മുതൽ 21 ദിവസം വരെ സമയമെടുത്തേക്കാം. ശരീരത്തിൽ കുമിളകൾ പൊന്തിത്തുടങ്ങുന്നതിനു രണ്ട് ദിവസം മുമ്പു മുതൽ അവ ഉണങ്ങുന്നത് വരെ അണുബാധ പകരാൻ സാധ്യതയുണ്ട്. പനി, ക്ഷീണം, ശരീരവേദന, തലവേദന, വിശപ്പില്ലായ്മ, എന്നിവയാണ് പ്രധാന ലക്ഷണങ്ങൾ.

*************************

## കണ്ണൂർ- ബോംബ്

കണ്ണൂർ പാനൂരിനടുത്തുണ്ടായ ബോംബ് സ്ഫോടനത്തെക്കുറിച്ച് അന്വേഷിക്കാൻ പ്രത്യേക സംഘത്തെ നിയോഗിച്ചു. കൂത്തുപറമ്പ് എ.സി.പി കെ.വി.വേണുഗോപാലിന്റെ നേതൃത്വത്തിലുള്ള സംഘമാണ് അന്വേഷിക്കുക. സ്ഫോടനത്തിൽ ഒരാൾ മരിക്കുകയും മൂന്നു പേർക്ക് പരിക്കേൽക്കുകയും ചെയ്തു.

RNU TVPM

*************************

## സിദ്ധാർത്ഥ്

പൂക്കോട് വെറ്ററിനറി കോളജിലെ വിദ്യാർത്ഥി ജെ എസ് സിദ്ധാർത്ഥന്റെ മരണവുമായി ബന്ധപ്പെട്ട അന്വേഷണം CBI യ്ക്ക് കൈമാറി കേന്ദ്ര ഗവൺമെന്റ് വിജ്ഞാപനം. പ്രാഥമിക അന്വേഷണത്തിന് ഇന്നലെ രാത്രി കണ്ണൂരിലെത്തിയ CBI സംഘം ഇന്ന് വയനാട്ടിലെത്തും.

*************************

## റേഷൻ വിതരണം

സംസ്ഥാനത്ത് മാർച്ച് മാസത്തെ റേഷൻ വിതരണം ഇന്ന് അവസാനിക്കും. ഏപ്രിൽ മാസത്തെ റേഷൻ വിതരണം തിങ്കളാഴ്ച ആരംഭിക്കും.

***************************

<u>യു പി ഐ - പേയ്മെന്റ്</u>

യുപിഐ ഉപയോഗിച്ച് ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ വഴി പണം നിക്ഷേപിക്കാൻ ഉടൻ അനുമതി നൽകുമെന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. നിലവിൽ പ്രധാനമായും പണം പിൻവലിക്കലിനോ പണം കൈമാറ്റത്തിനോ ആണ് യുപിഐ ഉപയോഗിച്ച് വരുന്നത്.

***************************

<u>റമദാൻ</u>

റമദാൻ വ്രതം അവസാന നാളുകളിലേക്ക് അടുക്കവെ വിശ്വാസികൾ ഇന്ന് **ലൈലത്തുൽ ഖദ്ർ** എന്നറിയപ്പെടുന്ന ഇരുപത്തിയേഴാം രാവ് ആചരിക്കുന്നു. ആയിരം മാസങ്ങളേക്കാൾ ഈ രാവിന് പുണ്യമുണ്ടെന്നാണ് വിശ്വാസം. ലക്ഷക്കണക്കിന് വിശ്വാസികളാണ് വിവിധയിടങ്ങളിൽ നടക്കുന്ന ഇന്നത്തെ പ്രാർത്ഥനാ സമ്മേളനങ്ങളിൽ പങ്കെടുക്കുന്നത്.

***************************

<u>ശബരിമല</u>

വിഷു പൂജയ്ക്കായി ശബരിമല ക്ഷേത്രനട ഈ മാസം 10 ന് തുറക്കും. 11 മുതൽ 18 വരെ രാവിലെ നെയ്യഭിഷേകത്തിനും സൌകര്യമുണ്ട്.

***************************

RNU TVPM

## സ്വർണം

സ്വർണവില പുതിയ റെക്കോർഡിലേയ്ക്ക്. പവന് 960 രൂപ വർദ്ധിച്ച് 52,280 രൂപയും ഗ്രാമിന് 120 രൂപ വർദ്ധിച്ച് 6,535 രൂപയുമാണ് ഇന്നത്തെ വില.

**************************

ഹെഡ് ലൈൻ - 5 (എ)

## ഐ പി എൽ- ക്രിക്കറ്റ്

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ്, ബാംഗ്ലൂർ റോയൽ ചലഞ്ചേഴ്സിനെ നേരിടും. വൈകിട്ട് 7.30ന് ജയ്പൂരിലാണ് മത്സരം. നിലവിൽ പോയിന്റ് പട്ടികയിൽ രാജസ്ഥാനും കൊൽക്കത്തയുമാണ് മുന്നിൽ. ഇന്നലെ നടന്ന മത്സരത്തിൽ ചെന്നൈ സൂപ്പർ കിംഗ്സിനെതിരെ സൺറൈസേഴ്സ് ഹൈദരാബാദ് വിജയിച്ചു.

RNU TVPM

**************************

ഹെഡ് ലൈൻ - 5 (ബി)

## ഐ എസ് എൽ - ഫുട്ബോൾ

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് - നോർത്ത് ഈസ്റ്റ് യുണൈറ്റഡുമായി ഏറ്റുമുട്ടും. രാത്രി 7.30 ന് ഗുവാഹത്തിയിലാണ് മത്സരം.

**************************

## കാലാവസ്ഥ

സംസ്ഥാനത്ത് ചൂട് കൂടുന്നു. കൊല്ലം, പാലക്കാട് ജില്ലകളിൽ ഇന്ന് താപനില 40 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുള്ളതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. 11

ജില്ലകളിൽ ഈ മാസം 9 വരെ മഞ്ഞ ജാഗ്രത തുടരും. കൊല്ലം, പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ, പത്തനതിട്ട, കോട്ടയം, കോഴിക്കോട്, കണ്ണൂർ, എറണാകുളം , മലപ്പുറം, കാസർഗോഡ് ജില്ലകളിലാണ് ജാഗ്രത നിർദേശമുള്ളത്.

***************************

## ഓഖി പുനരധിവാസം

ഓഖി പുനരധിവാസ പദ്ധതിയുടെ ഭാഗമായി മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ചു നൽകിയ സാറ്റലൈറ്റ് ഫോണുകൾ മത്സ്യഭവനുകളിൽ തിരികെ ഏൽപ്പിക്കണമെന്ന് കൊല്ലം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

***************************

PNU TVPM

## ഉപരാഷ്ട്രപതി

പൗരത്വ ഭേദഗതി നിയമം, ഒരു വ്യക്തിയുടെയും പൗരത്വം നഷ്ടപ്പെടുത്തുന്നില്ലെന്ന് ഉപരാഷ്ട്രപതി ജഗദീപ് ധൻഖർ. ഉത്തരാഖണ്ഡിലെ മസ്സൂറി ലാൽ ബഹദൂർ ശാസ്ത്രി നാഷണൽ അക്കാദമി ഓഫ് അഡ്മിനിസ്ട്രേഷനിൽ 2023 ബാച്ച് ഐഎഎസ് ട്രെയിനി ഓഫീസർമാരെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. അയൽരാജ്യങ്ങളിലെ പീഡിപ്പിക്കപ്പെടുന്ന മതന്യൂനപക്ഷങ്ങൾക്ക് നിയമം സഹായമാകുമെന്നും എന്നാൽ ഈ നിയമം കുടിയേറ്റത്തിനുള്ള ക്ഷണമല്ലെന്നും അദ്ദേഹം വ്യക്തമാക്കി. രാഷ്ട്രത്തിന്റെ ഭാഗധേയം രൂപപ്പെടുത്തുന്നതിൽ മികവും സമഗ്രതയും ഉണ്ടാവണമെന്ന് ട്രെയിനി ഓഫീസർമാരോട് ഉപരാഷ്ട്രപതി അഭ്യർത്ഥിച്ചു.

*********************************************************************************************************